നം.വിജി 7/18898/2012

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് വകുപ്പ്
(ഡിസൈൻ & ഭരണ വിഭാഗം)
തിരുവനന്തപുരം
തീയതി : 02.04.2013

**സർക്കുലർ**

വിഷയം : പൊതുമരാമത്ത് വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ വിരമിച്ച ദിവസം തന്നെ അനുവദിക്കുന്നത് – സംബന്ധിച്ച്

സൂചന : 13/03/2013 ലെ ചീഫ് എൻജിനീയറുടെ ഓഫീസിലെ സ്റ്റാഫ് മീറ്റിങ്ങിന്റെ മിനിട്ട്സ്.

പൊതുമരാമത്ത് വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് വിജിലൻസ് വിഭാഗത്തിൽ നിന്നും ടി ജീവനക്കാരുടെ ബാധ്യത /ബാധ്യത രഹിത സർട്ടിഫിക്കറ്റ് ആവശ്യമാണ്. വളരെയേറെ പരിശ്രമവും കൃത്യതയും ആവശ്യമായ ഈ ജോലി നോൺ ഗസറ്റഡ് ജീവനക്കാരുടെ കാര്യത്തിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ നിലവിലെ സാഹചര്യത്തിൽ വിജിലൻസ് വിഭാഗത്തിനു സാധിക്കുന്നില്ല. ആയതിനാൽ താഴെ പറയുന്ന കാര്യങ്ങൾ എല്ലാ ഓഫീസ് മേധാവികളും ശ്രദ്ധിക്കേണ്ടതാണ്.

സ്ഥലം മാറി പോകുന്ന നോൺ ഗസറ്റഡ് ജീവനക്കാരുടെ കേസ് വിവരങ്ങൾ അതാത് ഓഫീസിലെ മേൽ ഉദ്യോഗസ്ഥൻ പുതിയ ഓഫീസിലെ മേൽ അധികാരിയെ എൽ.പി.സി അയക്കുന്നതോടൊപ്പം ഒരു പ്രത്യേക സ്റ്റേറ്റ്മെന്റിലൂടെ അറിയിക്കേണ്ടതാണ്.

കേസ് വിവരങ്ങൾ ധരിപ്പിക്കാതിരിക്കുകയോ തെറ്റായ വിവരം ധരിപ്പിക്കുകയോ ചെയ്യുന്നതിലൂടെ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്ക് ബാധ്യത രഹിത സർട്ടിഫിക്കറ്റ് (എൻ.എൽ.സി) നൽകുവാൻ ഇടയായാൽ അതിന് കാരണക്കാരായ മേൽ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതും സർക്കാരിന് നഷ്ടം വന്ന തുക പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതും ആയിരിക്കും. പൊതുമരാമത്തു വകുപ്പിലെ ചീഫ് എൻജിനീയറുടെ ഓഫീസിലെ വിജിലൻസ് വിഭാഗത്തിൽ ലഭ്യമായ നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ കേസ്സു വിവരങ്ങൾ പ്രസ്തുത ഉദ്യോഗസ്ഥർ ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസിൽ അറിയിക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണ്. ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ വളരെ കൃത്യനിഷ്ഠയോടെ പാലിക്കപ്പെടേണ്ടതാണ്.

ഒപ്പ്/-
**കെ.സുന്ദരൻ**
ചീഫ് എഞ്ചിനീയർ
(ഡിസൈൻ & ഭരണവിഭാഗം)

/ആജ്ഞാനുസരണം/

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
(വിജിലൻസ്)

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിന് വേണ്ടി അയക്കുന്നു.